**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4561** **19-03-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ ജീവഹാനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തെത്തുടർന്ന് 2016 മുതൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ട എത്ര പേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | **2016 മുതൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 118 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 114 പേരും മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ആശ്രിതർക്കായി ആകെ 1140.955 ലക്ഷം രൂപ വനം വന്യജീവി വകുപ്പ് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.**<br><br>**ഇത്തരത്തിൽ മരണപ്പെടുന്ന വ്യക്തികൾ കുടുംബത്തിലെ ഏകവരുമാനദായകനും വനം വകുപ്പിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭ്യമാകാത്തതുമായ സാഹചര്യങ്ങളിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി 2 ലക്ഷം രൂപ അനുവദിക്കുന്നതിന് സാധിക്കുന്നതാണ്. എന്നാൽ നാളിതുവരെ ഇത്തരത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതരുടെ അപേക്ഷകൾ ടി പദ്ധതിയിൽ പരിഗണിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടില്ല.**<br><br>**വന്യജീവികളുടെ ആക്രമണത്തെ തുടർന്ന് ജീവഹാനി സംഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അടിയന്തര ധനസഹായമായി 5000/- രൂപ നൽകിവരുന്നുണ്ട്. ഇത്തരത്തിൽ 3,40,000/- രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്** |
| (ബി) | ഇവരുടെ ആശ്രിതർക്ക് ധനസഹായമായി എത്ര രൂപയാണ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | **2016 മുതൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 118 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 114 പേരും മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ആശ്രിതർക്കായി ആകെ 1140.955 ലക്ഷം രൂപ വനം വന്യജീവി വകുപ്പ് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ മരണപ്പെടുന്ന വ്യക്തികൾ കുടുംബത്തിലെ ഏകവരുമാനദായകനും വനം വകുപ്പിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭ്യമാകാത്തതുമായ സാഹചര്യങ്ങളിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി 2 ലക്ഷം രൂപ അനുവദിക്കുന്നതിന് സാധിക്കുന്നതാണ്. എന്നാൽ നാളിതുവരെ ഇത്തരത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതരുടെ അപേക്ഷകൾ ടി പദ്ധതിയിൽ പരിഗണിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടില്ല.<br><br>വന്യജീവികളുടെ ആക്രമണത്തെ തുടർന്ന് ജീവഹാനി സംഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അടിയന്തര ധനസഹായമായി 5000/- രൂപ നൽകിവരുന്നുണ്ട്. ഇത്തരത്തിൽ 3,40,000/- രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ